**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1962** **12-09-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി കക്കാട് ടൗണിൽ കെ.എസ്.ആർ.ടി.സി. സ്റ്റോപ്പ് പുനഃസ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കക്കാട് ടൗണിൽ കെ.എസ്.ആർ.ടി.സി. യുടെ സ്വിഫ്റ്റ്, ലോഫ്ലോർ അടക്കമുള്ള ബസ്സുകളുടെ സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കക്കാട് ടൗണിൽ സൂപ്പർ എക്സ്പ്രസ് വരെയുള്ള സർവ്വീസുകൾക്ക് ബസ് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ആ ശ്രേണിവരെയുള്ള സ്വിഫ്റ്റ് സർവ്വീസുകൾക്കും പ്രസ്തുത സ്റ്റോപ്പുകൾ ബാധകമാണ്. എന്നാൽ ലോ ഫ്ളോർ / ബൈപ്പാസ് റൈഡർ സർവ്വീസുകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ദൂരം യാത്ര ചെയ്യുന്ന ആവശ്യത്തിനായി വിഭാവനം ചെയ്ത് സ്റ്റോപ്പുകൾ പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ടി ബസ്സുകൾക്ക് നിലവിൽ ബസ് സ്റ്റോപ്പ് അനുവദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സ്റ്റോപ്പ് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കക്കാട് ടൗണിൽ സൂപ്പർ എക്സ്പ്രസ് വരെയുള്ള സർവ്വീസുകൾക്ക് ബസ് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ആ ശ്രേണിവരെയുള്ള സ്വിഫ്റ്റ് സർവ്വീസുകൾക്കും പ്രസ്തുത സ്റ്റോപ്പുകൾ ബാധകമാണ്. എന്നാൽ ലോ ഫ്ളോർ / ബൈപ്പാസ് റൈഡർ സർവ്വീസുകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ദൂരം യാത്ര ചെയ്യുന്ന ആവശ്യത്തിനായി വിഭാവനം ചെയ്ത് സ്റ്റോപ്പുകൾ പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ടി ബസ്സുകൾക്ക് നിലവിൽ ബസ് സ്റ്റോപ്പ് അനുവദിച്ചിട്ടില്ല. |
| (സി) | പ്രസ്തുത വിഷയത്തിൽ മലപ്പുറം കെ.എസ്.ആർ.ടി.സി. മാനേജർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും പ്രസ്തുത റിപ്പോർട്ട് പ്രകാരം സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ; | (സി) | കക്കാട് ടൗണിലെ ബസ് സ്റ്റോപ്പ് സംബന്ധിച്ച വിഷയത്തിൽ മലപ്പുറം കെ.എസ്.ആർ.ടി.സി. ജില്ലാ ഓഫീസിൽ നിന്നും ലഭിച്ച ഫീസിബിലിറ്റി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ടി റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രതീക്ഷിക്കുന്ന വരുമാനം, യാത്രക്കാരുടെ സൗകര്യം, മറ്റ് സ്റ്റോപ്പുകളിൽ നിന്നുള്ള അകലം തുടങ്ങിയ വസ്തുതകളും വിശദാംശങ്ങളും ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് നൽകുന്നതിനായി മലപ്പുറം ജില്ലാ ഓഫീസറെ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത സ്റ്റോപ്പ് എന്നത്തേയ്ക്ക് പുനഃസ്ഥാപിക്കുമെന്ന് അറിയിക്കാമോ? | (ഡി) | കക്കാട് ടൗണിലെ ബസ് സ്റ്റോപ്പ് സംബന്ധിച്ച വിഷയത്തിൽ മലപ്പുറം കെ.എസ്.ആർ.ടി.സി. ജില്ലാ ഓഫീസിൽ നിന്നും ലഭിച്ച ഫീസിബിലിറ്റി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ടി റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രതീക്ഷിക്കുന്ന വരുമാനം, യാത്രക്കാരുടെ സൗകര്യം, മറ്റ് സ്റ്റോപ്പുകളിൽ നിന്നുള്ള അകലം തുടങ്ങിയ വസ്തുതകളും വിശദാംശങ്ങളും ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് നൽകുന്നതിനായി മലപ്പുറം ജില്ലാ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ജില്ലാ ഓഫീസറുടെ കാര്യാലയം (അഡ്മിനിസ്ട്രേഷൻ & അക്കൗണ്ട്സ്), മലപ്പുറം
E-mail : mlpdist.ksrtc@kerala.gov.in

നം. എ2 /3800 /2023/മലപ്പുറം

തീയതി : 04.07.2023

041441

പ്രേഷിതൻ

ജില്ലാ ഓഫീസർ
ജില്ലാ ഓഫീസ്
കെ.എസ്.ആർ.ടി.സി, മലപ്പുറം.

സ്വീകർത്താവ്

ശ്രീ ബഹു: എക്സിക്യൂട്ടീവ് ഡയറക്ടർ(ഓപ്പറേഷൻസ്)
കെ.എസ്.ആർ.ടി.സി
തിരുവനന്തപുരം

സർ,

വിഷയം : കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ലോ ഫ്ലോർ ബസ്സുകൾക്ക് മലപ്പുറം ജില്ലയിൽ ദേശീയപാതയിൽ കക്കാട് എന്ന സ്ഥലത്ത് സ്റ്റോപ്പും ഫെയർ സ്റ്റേജ് പുനഃസ്ഥാപിക്കുന്നത് സബന്ധിച്ച് ബഹു: തിരൂരങ്ങാടി എം.എൽ.എ ശ്രീ.കെ.പി..എ.മജീദ് -ന് ശ്രീ.റഫീഖ് പാറക്കൽ, തിരൂരങ്ങാടി എന്നയാൾ സമർപ്പിച്ച നിവേദനം- സി.എം.ഒ പോർട്ടൽ ഡോക്കറ്റ് നമ്പർ G 3230601348 പ്രകാരം പോർട്ടലിൽ ചേർക്കപ്പെട്ട പരാതി

സൂചന(1) : CMO Portal No.G3230601348

(2) : ശ്രീ.കെ.ജയകുമാർ ഇൻസ്പെക്ടർ കെ.എസ്.ആർ.ടി.സി മലപ്പുറം -01/07/2023 തീയതിയായുള്ള ഇൻസ്പെക്ടർ റിപ്പോർട്ട്

മേൽ വിഷയവുമായി ബന്ധപെട്ട മേൽ സൂചന 1 പ്രകാരമുള്ള ഡോക്കറ്റ് നമ്പറിലുള്ള പരാതിയിൽ ഈ ഓഫീസിൽ നിന്നും അന്വേഷണം നടത്തി മേൽ സൂചന 2 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്.ആയത് അങ്ങയുടെ അറിവിലേക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം സമർപ്പിക്കുന്നു .

OFFICE OF THE DISTRICT OFFICER
MALAPPURAM
Date.............
DISTRICT OFFICE, KSRTC

വിശ്വസ്തതയോടെ

ജില്ലാ ഓഫീസർ
DISTRICT OFFICER

4398/600

1035
30/6/23

വിഷയം: കക്കാട് സ്വിഫ്റ്റ്, KURTC ലോ ഫ്ലോർ ബസുകൾക്ക് സ്റ്റോപ്പും ഫെയർ സ്റ്റേജും പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച്

സൂചന : ശ്രീ. കെ.പി.എ. മജീദ് (തിരൂരങ്ങാടി), കേരള നിയമസഭ അംഗം, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് തിരുരങ്ങാടി മുനിസിപ്പൽ കമ്മിറ്റിയുടെയും പരാതി

സർ,

മേൽ വിഷയത്തെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മലപ്പുറം ക്ലസ്റ്റർ ഓഫീസർ ചുമതലപ്പെടുത്തിയതനുസരിച്ച് ഞാൻ നടത്തിയ അന്വേഷണത്തിന്റെ പൂർണ്ണ രൂപം താഴെ കൊടുക്കുന്നു.

തൃശൂർ - കോഴിക്കോട് നാഷണൽ ഹൈവേയിലെ ഒരു പ്രധാനപ്പെട്ട സ്ഥലമാണ് കക്കാട്. വേങ്ങര, പരപ്പനങ്ങാടി , തിരൂരങ്ങാടി മുൻസിപ്പാലിറ്റികളുടെയും വള്ളിക്കുന്ന് പഞ്ചായത്തിന്റെയും താലൂക്ക് ആസ്ഥാനമായ ചെമ്മാട് കക്കാട് സ്റ്റോപ്പിൽ നിന്നും 5 കിലോമീറ്റർ അകലത്തിൽ സ്ഥിതി ചെയ്യുന്ന സ്ഥലമാണ്. ഫോറിൻ ബിസിനസിന്റെ ഒരു പ്രധാന കേന്ദ്രം കൂടിയാണ് ചെമ്മാട്. കക്കാട് ബസ്റ്റോപ്പിൽ ഇറങ്ങിയാണ് പല യാത്രക്കാരും താലുക്ക് ആസ്ഥാനവും ബിസിനസ് കേന്ദ്രവുമായ ചെമ്മാട്ടേയ്ക്ക് വരുന്നത്. പ്രസിദ്ധമായ മുസ്ലീം ആരാധനാ കേന്ദ്രമായ മമ്പുറം മഖാം, തിരുരങ്ങാടി താലുക്ക് ആശുപത്രി, MKH ആശുപതി, മറ്റ് 5 ഓളം സ്വകാര്യ ആശുപതികൾ, പരപ്പനങ്ങാടി , ചാലിയം ഫിഷിംഗ് ഹാർബർ, കോഴിക്കോട് - ഗുരുവായൂർ തീരദേശ ഹൈവേ, പരപ്പനങ്ങാടി റെയിൽവെ സ്റ്റേഷൻ എന്നിവിടങ്ങളിലേയ്ക്ക് പോകാൻ ജനങ്ങൾ ആശ്രയിക്കുന്ന ഹൈവേയിലെ ഒരു പ്രധാന സ്റ്റോപ്പാണ് കക്കാട്. കൂടാതെ പ്രവാസികൾ തിങ്ങിപ്പാർക്കുന്ന വേങ്ങര, കൊടിഞ്ഞി, ചെമ്മാട് പ്രദേശത്തുള്ള ജനങ്ങൾ നെടുമ്പാശ്ശേരി എയർ പോർട്ടിലേയ്ക്ക് പോകുന്നതിനും തിരിച്ച് വരുമ്പോൾ ഇറങ്ങുന്നതും കക്കാട് സ്റ്റോപ്പിലാണ്. ബൈപ്പാസ് റൈഡർ സർവ്വീസ് തുടങ്ങുന്നതിന് മുമ്പ് മിന്നൽ ഒഴികെ KSRTC യുടെ എല്ലാ സർവ്വീസുകൾക്കും കക്കാട് സ്റ്റോപ്പ് ഉണ്ടായിരുന്നു. KURTC ബസുകൾക്ക് സ്റ്റേജും ഉണ്ടായിരുന്നു.

നിലവിൽ ബൈപ്പാസ് റൈഡർ ബസുകൾക്ക് തൃശൂർ കോഴിക്കോട് റൂട്ടിൽ കുന്നംകുളം, ചങ്ങരംകുളം, എടപ്പാൾ, കുറ്റിപ്പുറം, കോട്ടക്കൽ, യൂണിവേഴ്സിറ്റി, രാമനാട്ടുകര എന്നിവിടങ്ങളിലാണ് സ്റ്റോപ്പും സ്റ്റേജും ഉള്ളത്. 5 km അകലം മാത്രമുള്ള ചങ്ങരംകുളം - എടപ്പാൾ എന്നിവിടങ്ങളിൽ സ്റ്റോപ്പും സ്റ്റേജും അനുവദിച്ചിട്ടുണ്ട്. 26 കി.മീറ്റർ ദൂരമുള്ള കോട്ടക്കൽ - യൂണിവേഴ്സിറ്റിക്കിടയിലുള്ള കക്കാട്, ബൈപ്പാസ് റൈഡർ ബസുകൾക്ക് സ്റ്റോപ്പും സ്റ്റേജും അനുവദിച്ചാൽ മേൽ പറഞ്ഞ പ്രദേശവാസികൾക്ക് ഗുണകരമാകുകയും KSRTC യുടെ വരുമാനം വർദ്ധിക്കുന്നതിനും കാരണമാകുമെന്നാണ് അന്വേഷണത്തിൽ മനസ്സിലായിട്ടുള്ളത്.

(Traffic Sn)

ആയതിനാൽ KSRTC Swift – KURTC ലോ ഫ്ലോർ ബൈപ്പാസ് റൈഡർ ബസുകൾക്ക് കക്കാട് സ്റ്റേജും സ്റ്റോപ്പും അനുവദിക്കുന്നത് ഗുണകരമാകും എന്ന വിവരം മേലറിവിലേയ്ക്കായ് റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

മലപ്പുറം
01/07/2023

ഒപ്പ്
കെ. കെ. ജയകുമാർ
ഇൻസ്പെക്ടർ
മലപ്പുറം

Supdt
(Traffic Sn)